11/

**<u>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം</u>**

**<u>ഹാജർ :- സുഭാഷ് , T .V , ഐ.എ.എസ്</u>**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഓവർസീയർ ഗ്രേഡ്-2/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 തസ്തികയിൽ 2022- വർഷത്തെ പൊതുസ്ഥലമാറ്റം - കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു

പരാമർശം :- 1. 25.2.2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ
2. 21.2.2022- ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 147./22./Agri
3. 16.3.2022- ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർഎസ്.എ(2)762./2021.

**<u>ഉത്തരവ് നമ്പർ ADFW/3521/2022-SH1 തീയതി 24.5.2022.</u>**

പരാമർശം (1) , (2) സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2022 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (3) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ ജീവനക്കാരുടെ 2022 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ SPARK മുഖേന ഓൺലൈനായി ക്ഷണിക്കുകയും, കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. മേൽ വിവരിച്ച സാഹചര്യത്തിൽ ഓവർസീയർ ഗ്രേഡ്-2/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 തസ്തികയിൽ ഓൺലൈനായി ലഭിച്ച പൊതുസ്ഥലമാറ്റ അപേക്ഷകൾ SPARK- മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത് ~~ലഭിച്ച~~ 2022 വർഷത്തെ ഓവർസീയർ ഗ്രേഡ്-2/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 തസ്തികയുടെ പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in- ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ / DDO-മാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും മറ്റ് അപാകതകളുണ്ടെങ്കിൽ ആയതും ഈ ഓഫിസിൽ agrigeneraltransfer@gmail.com എന്ന ഇ - മെയിൽ വിലാസത്തിൽ പൊതുസ്ഥലമാറ്റം 2022 കരട് ലിസ്റ്റിലെ അപാകത എന്ന വിഷയം രേഖപ്പെടുത്തി [illegible] **വൈകുന്നേരം 5 - മണിക്ക്** മുമ്പായി 03.06.2022 അറിയിക്കേണ്ടതാണ് .

3.6.22 കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ / ആക്ഷേപങ്ങൾ ~~**28.05.2022.**~~ **തീയതി** വരെ agrigeneraltransfer@gmail.com എന്ന ഇ - മെയിലിൽ മാത്രം പൊതുസ്ഥലമാറ്റം 2022. കരട് ലിസ്റ്റ് , തസ്തിക പരാതി / ആക്ഷേപം എന്ന വിഷയം

രേഖപ്പെടുത്തി സമർപ്പിക്കാവുന്നതാണ് . ഈ തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല .

**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന )

പകർപ്പ് :-

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT സെൽ)
വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി